# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3850 11/11/2019-ൽ മറുപടിക്ക്

## ജീവിതശൈലീരോഗങ്ങളുടെ മരുന്ന് ലഭ്യത

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | ജീവിതശൈലി രോഗങ്ങളുടെ വ്യാപനം കേരളത്തിലെ ആരോഗ്യരംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ജീവിതശൈലി രോഗങ്ങളുടെ വ്യാപനം കേരളത്തിലെ ആരോഗ്യരംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഫാർമസിസ്റ്റുകൾക്ക് മാത്രമേ മരുന്ന് വിതരണത്തിന് അനുവാദമുള്ളൂ എന്ന കോടതി വിധി മൂലം ജീവിതശൈലി രോഗബാധിതർക്ക് ആവശ്യമായ മരുന്നുകൾ ആരോഗ്യ ഉപകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | ബി) | ജീവിതശൈലീരോഗനിയന്ത്രണ പദ്ധതിയുടെ കീഴിൽ സൗജന്യമരുന്നു വിതരണം, ഓരോ 500 ജനസംഖ്യയെയും പ്രതിനിധാനം ചെയ്യുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴിയായിരുന്നു നടപ്പിലാക്കി വന്നിരുന്നത്. ഇത് വയോജനങ്ങളും നിരാലംബരുമായ നിരവധി ജനങ്ങൾക്ക് പ്രയോജനപ്രദമാകുകയും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെ ജീവിതശൈലീരോഗ ക്ലിനിക്കുകളിൽ പ്രകടമായ വ്യത്യാസം ഉണ്ടാകുകയും ചെയ്തു. ഫാർമസിസ്റ്റുകളുടെ ഇടപെടലിനെ തുടർന്ന് ബഹു: ഹൈക്കോടതി 1948- ലെ ഫാർമസിസ്റ്റ് ആക്ട് പ്രകാരം യോഗ്യരായ ഫാർമസിസ്റ്റുകൾ മാത്രമേ മരുന്നു വിതരണം നടത്താവൂ എന്ന വാദം ഉയർത്തി കൊണ്ട് ഈ പ്രവർത്തനം സ്റ്റേ ചെയ്തിരുന്നു. ഇതിനെതിരെ സംസ്ഥാന ആരോഗ്യ വകുപ്പ് counter affidavit ഫയൽ ചെയ്യുകയും, Drug and Cosmetic Act പ്രകാരം പൊതുജനാരോഗ്യ പരിപാടികൾക്ക് മരുന്ന് വിതരണം നടത്തുന്നതിൽ തടസ്സമില്ലെന്ന് പ്രതിവാദം ഉയർത്തുകയും ചെയ്തു. എന്നാൽ ബഹു: ഹൈക്കോടതി, ഫാർമസിസ്റ്റ് മാത്രമേ മരുന്ന് നൽകാവൂ എന്ന ഫാർമസി കൗൺസിലിന്റെ വാദം ശരി വയ്ക്കുകയും ഉത്തരവിറക്കുകയും ചെയ്തു. ഇത് സബ് സെന്റർ വഴിയുള്ള മരുന്ന് വിതരണത്തെ പ്രതികൂലമായി ബാധിക്കുകയും, സബ് സെന്ററിനെ ആശ്രയിച്ചു വന്നിരുന്ന നിരവധിപേരെ ഈ പദ്ധതിയിൽ നിന്നും പിൻതിരിയുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| സി) | ഈ പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ആരോഗ്യ വകുപ്പ് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ? | സി) | ഈ പ്രതിസന്ധി മറിക്കടക്കുന്നതിന് ഹൈക്കോടതിയിൽ അപ്പീൽ നൽകുന്നതിനും കേന്ദ്രനിയമവ്യവസ്ഥയിൽ ഇതു സംബന്ധമായ മാറ്റങ്ങൾ കൊണ്ട് വരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 3 മാസത്തെ മരുന്ന് ലേബൽ ചെയ്ത കവറുകൾ ഒട്ടിച്ച് നൽകി കൊണ്ട് രോഗികൾക്ക് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലേക്ക് വരുന്നതിനുള്ള ബുദ്ധിമുട്ട് കുറയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ